**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - 2017-18 ബഡ്ജറ്റ്-വികസനഫണ്ട് –പട്ടിക വർഗ്ഗ ഉപ പദ്ധതി- രണ്ട് പ്രാദേശിക സർക്കാരുകൾക്കു കൂടി ടി.എസ്.പി ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 5125/2017/ധന. തീയതി, തിരുവനന്തപുരം, 22 ജൂൺ 2017

---

പരാമർശം. 1) 21/03/17 ലെ ഇടപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ സർക്കാരിലേയ്ക്കുള്ള കത്ത്.
2) കോട്ടയം മുനിസിപ്പാലിറ്റി ചെയർപേഴ്സന്റെ 16/05/2017 ലെ ജി12/1010/17 ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിനത്തിലെ ഒരു ഘടകമാണ് പട്ടിക വർഗ്ഗ ഉപപദ്ധതി (TSP) ഫണ്ടുകൾ. ഓരോ പ്രാദേശിക സർക്കാരുകളുടെയും ജനസംഖ്യയുടെയും സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശയിന്മേൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് വർഷംതോറും ഈ തുക നിശ്ചയിക്കപ്പെടുന്നതും അനുവദിച്ചു നൽകുന്നതും.

മലപ്പുറം ജില്ലയിലെ ഇടപ്പറ്റ ഗ്രാമ പഞ്ചായത്തിൽ 92 പട്ടിക വർഗ്ഗക്കാർ ഉണ്ടെന്നും എന്നാൽ ഈ ഗ്രാമ പഞ്ചായത്തിന് പട്ടിക വർഗ്ഗ ഉപ പദ്ധതിയിൽ പണം ലഭ്യമാക്കിയിട്ടില്ലെന്നും ആയത് അനുവദിക്കണമെന്നും പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ കോട്ടയം മുനിസിപ്പാലിറ്റിയിൽ 58 പട്ടിക വർഗ്ഗക്കാരുണ്ടെന്നും അവർക്കും റ്റി.എസ്.പി ഫണ്ട് ലഭ്യമാക്കിയിട്ടില്ലെന്നും ആയത് അനുവദിക്കണമെന്നും പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2011 ലെ കനേഷുമാരി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും പ്രാദേശിക സർക്കാരുകളുടെ അഭ്യർത്ഥന വിശദമായ പരിശോധനകൾക്ക് ശേഷവും, സർക്കാർ താഴെ പറയുന്ന രണ്ട് പ്രാദേശിക സർക്കാരുകൾക്കു കൂടി പട്ടിക വർഗ്ഗ ഉപ പദ്ധതി (TSP) ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു. ഈ തുക വികസന ഫണ്ടിലെ 2-ാമത്തെയും 3-ാമത്തെയും ഗഡുക്കളോടൊപ്പം അനുവദിച്ചു നൽകുന്നതാണ്.

| അനുബന്ധം IV ലെ ക്രമനം | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | പട്ടിക വർഗ്ഗ ഉപ പദ്ധതിയിൽ (TSP) അനുവദിക്കുന്ന തുക | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് 658 | G 100207 | ഇടപ്പറ്റ ഗ്രാമ പഞ്ചായത്ത് | 333946 | 3604-00-200-86-(15)-35 |
| മുനിസിപ്പാലിറ്റി 12 | M 050400 | കോട്ടയം മുനിസിപ്പാലിറ്റി | 210531 | 3604-00-200-86-(12)-35 |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഇ.കെ.പ്രകാശ്**
**ഗവ: സ്പെഷ്യൽ സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി ഇടപ്പറ്റ ഗ്രാമപഞ്ചായത്ത്,
സെക്രട്ടറി കോട്ടയം മുനിസിപ്പാലിറ്റി.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ), തൃശ്ശൂർ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ